ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രധാനമായിട്ട് തടസ്സം ഉണ്ടായിരുന്നത് ആവശ്യമായ ലാൻഡ് അക്വയർ ചെയ്യുന്നതിനാണ്. ലാൻഡ് അക്വസിഷൻ പൂർത്തിയായാൽ ഉടൻതന്നെ കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതാണ്.

ശ്രീ. ഈ. പി. ഗോപാലൻ : രണ്ട് കൊല്ലത്തിനുമുമ്പ് കോഴിക്കോട്ട് ഒരു ആയുർവേദകോളേജ് സ്ഥാപിക്കണമെന്ന കാണിച്ചുകൊണ്ട് കോഴിക്കോട് ആയുർവേദമഹാമണ്ഡലത്തിൽനിന്നും ഗവണ്മെന്റിലേയ്ക്ക് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അക്കാര്യം പരിഗണനയിലെടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേകമായി ചോദിക്കണം.

റോഡുകളുടേയും പാലങ്ങളുടേയും പണി.

* 593. [8] ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടിയന്തിര പരിതഃസ്ഥിതി കാരണം നിറുത്തിവച്ചിട്ടുള്ള റോഡുകളുടേയും പാലങ്ങളുടേയും പണി 1964–65–ൽ തുടങ്ങുന്നതിന് എർപ്പാട് ചെയ്യുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

അടിയന്തിരപരിതഃസ്ഥിതി കാരണം നിറുത്തിവച്ചിട്ടുള്ള എല്ലാ റോഡുകളുടേയും, പാലങ്ങളുടേയും പണി 1964–65–ൽ തുടങ്ങുന്നതിന് എർപ്പാട് ചെയ്യാൻ നിവ്വാഹമില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: മണിമല, അച്ചൻകോവിൽ, പമ്പാ എന്നീ പ്രദേശങ്ങളിൽനിന്നും വീയപുരത്തേക്ക് തടികളും മറ്റും കൊണ്ടുപോകുന്നത് ഇപ്പോഴും ആറിൽക്കൂടിയാണ്. അതു വലിയ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. പന്നായ് പാലത്തിന്റെ പണി പൂർത്തിയായാൽ ലോറികളിൽ തടികളും റോഡിൽക്കൂടി വീയപുരത്തേയ്ക്ക് കൊണ്ടുപോകുന്നതിനു സാധിക്കും. അതുകൊണ്ട് പന്നായ് പാലത്തിന്റെ പണി ഏറ്റവും വേഗം തുടങ്ങുന്നതിന് ആവശ്യമായ നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന്റെ ആദ്യഭാഗത്തു പറഞ്ഞിട്ടുള്ള അഭിപ്രായത്തോട് യാതൊരുവിധത്തിലുള്ള വിയോജിപ്പും ഇല്ല. പാലത്തിന്റെ പണി പൂർത്തിയാക്കി റോഡിൽക്കൂടിയുള്ള ഗതാഗതം സാധിക്കത്തക്ക വിധത്തിലുള്ള ഏർപ്പാടുകളും ചെയ്യാൻ സാധിക്കുമോയെന്ന് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ കഴിഞ്ഞ കാലങ്ങളിൽ ഇവിടെ തുടർച്ചയായി അവതരിപ്പിച്ചിട്ടുള്ള മുന്നു ബഡ്ജറ്റുകളിലും പുതിയ തരത്തിലുള്ള യാതൊരു പൊതുമരാമത്തു വർക്കുകളും ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള സ്ഥിതി പരിഗണിച്ച് നിറുത്തിവച്ചിട്ടുള്ള പണികളെങ്കിലും ഈ വർഷം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ? അങ്ങനെ റോഡുകളുടേയും പാലങ്ങളുടേയും പണി തുടങ്ങാൻ നിശ്ചയിക്കുമ്പോൾ അതാതു സ്ഥലങ്ങളെ പ്രതിനിധീകരിച്ചുവരുന്ന എം. എൽ. എ.മാരുടെ അഭിപ്രായങ്ങൾ കൂടി ആരായുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ഈ വർഷം പുതിയവർക്കുകളോ നിറുത്തിവെച്ച വർക്കുകളോ ഒന്നുംതന്നെ പണിയാരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : പല റോഡുകളുടേയും, പാലത്തിന്റേയും പണികൾ പൂർത്തിയായാലും അവ ഗതാഗതത്തിനുവേണ്ടി തുറന്നുകൊടുക്കുന്നില്ല. ഉദാഹരണത്തിന് ഒറ്റപ്പാലത്തുള്ള കരിമ്പാ പാലത്തിന്റെ പണി പൂർത്തിയായിട്ടും അതു ഗതാഗതത്തിനുവേണ്ടി തുറന്നുകൊടുത്തിട്ടില്ല. ഇങ്ങനെ പണി പൂർത്തിയായ പാലങ്ങളും റോഡുകളും പൊതുജനാവശ്യത്തിനുവേണ്ടി തുറന്നുകൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : അതിനെ സംബന്ധിച്ച് അന്വേഷിക്കാം.

ശ്രീ. എം. പി. എം. അഹമ്മദ കുരിക്കൾ: മൂന്നു കൊല്ലത്തിനുമുമ്പു പണിയാരംഭിക്കുന്നതിനുവേണ്ടി ടെൻഡർ വിളിച്ചു ആനക്കയം പാലത്തിന്റെപണി ഇതുവരെയും തുടങ്ങിയിട്ടില്ല. അതിന്റെ പണിയാരംഭിക്കാൻ ആവശ്യമായ നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: അങ്ങനെ പല പാലങ്ങളുടേയും റോഡുകളുടേയും പണിയാരംഭിക്കുന്നതിനു് ഉദ്ദേശിച്ചിട്ടുണ്ടെങ്കിലും അതിനൊന്നും തന്നെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിട്ടില്ല. അങ്ങനെയുള്ള വർക്കുകളിൽ പലതും മാറ്റിവെയ്ക്കേണ്ടിവന്നിട്ടുണ്ട്. അത്തരത്തിലുള്ള വർക്കുകളെല്ലാം തന്നെ ഈ പദ്ധതിക്കാലത്തു് ഏറ്റെടുത്തു നടത്താൻ പ്രയാസമാണു്.

അഴിമതി നിരോധനം

* 594. [9] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി നിരോധനവകുപ്പു 1960 ജനുവരി മുതൽ 1963 ഡിസംബർ 15 വരെ എത്ര പരാതികളെപ്പറ്റി അന്വേഷണം നടത്തി;

(ബി) അതിൽ എത്ര എണ്ണം കേസ്സെടുത്തു് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തു;

(സി) എത്ര കേസുകളിൽ കുറ്റക്കാരെന്നുകണ്ടു് ട്രൈബ്യൂണൽ ശിക്ഷ ശുപാർശ ചെയ്തു;

(ഡി) എത്ര കേസിൽ പിരിച്ചുവിടൽ ശിക്ഷ ശുപാർശചെയ്തു;

(ഈ) പിരിച്ചുവിടൽ ശുപാർശ ചെയ്ത ഏതെങ്കിലും കേസ്സിൽ ഗവണ്മെന്റു് ശിക്ഷ ഇളവു ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 2,290.

(ബി) 299 ഉദ്യോഗസ്ഥന്മാരുടെ പേരിൽ തെളിവുള്ള 185 കേസുകളിൽ.

(സി) 121 പേർക്കു് വിവിധ ശിക്ഷകളും ശുപാർശ ചെയ്തിട്ടുണ്ടു്.

(ഡി) 39 പിരിച്ചുവിടൽ ശിക്ഷ ശുപാർശചെയ്തിട്ടുണ്ടു്.

(ഇ) ഉണ്ടു്. ഒരു കേസു്.

ശ്രീ. എം. നാരായണക്കുറുപ്പു് : പ്രാരംഭാന്വേഷണം കഴിഞ്ഞു് പ്രഥമദൃഷ്ടിയിൽ കേസുണ്ടെന്നു് തോന്നി ട്രൈബ്യൂണൽ മുമ്പാകെ കേസു ഫയലാക്കിയാൽ, കേസുനിലവിലുള്ള കാലത്തോളം ആ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യുന്ന ഒരു നയം ഗവണ്മെന്റിൽ നിന്നും അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : എല്ലാ കേസ്സുകളിലും സസ്പെൻഡ് ചെയ്യാറില്ല. സസ്പെൻഡു് ചെയ്തു് അന്വേഷണം നടത്തണമെന്നു് തോന്നുന്ന കേസുകളിൽ മാത്രമേ സസ്പെഷൻ നടത്താറുള്ളൂ.

ശ്രീ. എ. എൽ ജേക്കബ് : ആൻറികറപ്ഷൻ ഡിപ്പാർട്ടുമെൻറിലുള്ള അഴിമതികളും കണ്ടുപിടിക്കാൻ ഗവണ്മെൻറിൽനിന്നു വല്ല ശ്രമവും നടത്തുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : പൊതുവേ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും അഴിമതികളും കണ്ടുപിടിക്കാൻ ഗവണ്മെൻറിൻനിന്നും ശ്രമം നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly